321192

**D 32463** (Pages : 2) Name.......................................

Reg. No.................................

# FIRST SEMESTER (CBCSS–UG) DEGREE EXAMINATION NOVEMBER 2022

Malayalam

MAL 1B 01—NAVOTHANA MALAYALA KAVITHA

(2019–2022 Admissions)

Time : Two Hours and a Half Maximum : 80 Marks

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക. (2 മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ. പരമാവധി മാർക്ക് 25) :

1 മലയവിലാസം എന്ന കാവ്യത്തിന്റെ രചനാ പശ്ചാത്തലം എന്ത് ?

2 കാല്പനികത എന്തെന്ന് വ്യക്തമാക്കുക.

3 ആനന്ദം നീയരുളുക പറഞ്ഞെന്റെ സന്ദേശവാക്യം–സൂചിതമെന്ത് ?

4 "രാക്കിളികളന്നെന്നസ്ഥിമാടം
നോക്കി വീർപ്പിട്ടു വീർപ്പിട്ടു പാടും"
–വിവക്ഷിതം എന്ത് ?

5 പച്ചമലയാളപ്രസ്ഥാനം എന്നാലെന്ത് ?

6 എൻ.വി. കൃഷ്ണവാരിയർ എന്ന കവിയെ പരിചയപ്പെടുത്തുക.

7 "വായിപ്പാനാവതാണോ ഹൃദയനില
വെറും മാംസദൃഗ്വീക്ഷണത്താൽ"
–എന്തു കൊണ്ടാണ് കവി ഇങ്ങനെ പറയുന്നത് ?

8 'ഭുക്തി വെടിഞ്ഞു ഭക്തിയെഴാതെ മുക്തിയടഞ്ഞു ഞാൻ'–സന്ദർഭം എന്ത് ?

9 "പുറ്റുകളാണിവയല്ലോ നമ്മുടെ-
പുതിയ യുഗത്തിലെ നാഗത്താന്മാർ"
–കവി ഉദ്ദേശിക്കുന്നത് എന്ത് ?

10 അഹോ ! മറന്നേൻ ബത ദിഗ് ഭ്രമത്തിനാൽ–കവി മറന്നതെന്ത് ?

11 'കഷ്ടപ്പെട്ടപ്പുരുഷനൊരുനാലഞ്ചു കൊല്ലം കഴിച്ചാൻ'–ആര് ? എന്തു കൊണ്ട് ?

Turn over

321192

321192



12 "ഭൂമിതന്നുപ്പായ് വളരുകെന്നിങ്ങനെ
പാടുകയായിതെൻ മൗനം"
—കവിയുടെ കാഴ്ചപ്പാട് വ്യക്തമാക്കുക.

13 ഇരുകാലിൽ ഭൂമി കൈവിട്ടെഴുന്നേറ്റ മനുഷ്യനെ—ആശയം വ്യക്തമാക്കുക.

14 ഇന്നാഫ്രിക്കയിതെൻ നാടവളുടെ ദുഃഖത്താലേ ഞാൻ കരയുന്നു—വരികളിലെ ധ്വനിതലം വ്യക്തമാക്കുക.

15 'തടശിലപോലെ തരംഗലീലയിൽ'—സൂചിതം എന്ത് ?

(25 marks)

II. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (5 മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ. പരമാവധി മാർക്ക് 35) :

16 ഭാവഗീതത്തിന്റെ സാന്ദ്രത പ്രകടമാക്കുന്ന കവിതയാണ് നിമിഷം—വിശദമാക്കുക.

17 മനുഷ്യ ജീവിതത്തിന്റെ അനന്തവൈവിദ്ധ്യം ലീലയിൽ ബോദ്ധ്യപ്പെടുത്തുന്നതെങ്ങനെ ?

18 നീട്ടാനും കൂടി വയ്യാതെരിയുമൊരു വിളക്കിന്റെ നേരിട്ടിരുന്നു—പശ്ചാത്തലം എന്ത് ?

19 "നാമിപ്പൊഴുക്കുടയ തോക്കുകൾ കൊണ്ടെടുക്കും
ശീമപ്പയറ്റു മുറയന്നറിവില്ലയല്ലോ"
—വ്യാഖ്യാനിക്കുക.

20 "നാടൻ കൃഷിക്കാരൊരു നാളികേര
പാകത്തിലാണിങ്ങനെ മിക്കപേരും"
—വിവക്ഷ എന്ത് ?

21 കേരളീയ പ്രകൃതിയും ജീവിതാനുഭവങ്ങളും ചോറൂണ് എന്ന കവിതയിൽ പ്രകടമാകുന്നതെങ്ങനെ ?

22 നരകം എന്ന കവിതാഖണ്ഡത്തിലൂടെ അക്കിത്തം, മനുഷ്യകഥയുടെ നടുക്കുന്ന ചിത്രം അവതരിപ്പിക്കുന്നതെങ്ങനെ ?

23 അർത്ഥവും വികാരവും അലിഞ്ഞു ചേർന്ന കവിതയാണ് കോട്ടയിലെ പാട്ട്—സമർത്ഥിക്കുക.

(35 marks)

III. മൂന്നു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

24 എ.ആർ. രാജരാജവർമ്മയുടെ സാഹിത്യ സംഭാവനകൾ വിലയിരുത്തുക.

25 കല്പനകളുടെ അനർഗ്ഗള പ്രവാഹമാണ് പി.യുടെ കവിതകൾ—വിശദമാക്കുക.

26 സന്ദേശകാവ്യങ്ങൾക്ക് മലയാളകവിതാ സാഹിത്യചരിത്രത്തിലുള്ള പ്രാധാന്യം മയൂര സന്ദേശത്തെ മുൻനിർത്തി വിലയിരുത്തുക.

27 മനുഷ്യ ജീവിതത്തിലേക്ക് കേരള സംസ്കാരത്തെയും നാടൻ മൊഴികളേയും വിളക്കിച്ചേർക്കുന്ന കവിതയാണ് ചോറൂണ്—ഉപന്യസിക്കുക.

($2 \times 10 = 20$ marks)

321192